A



# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

# സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1, 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഒരു സ്കോർ വീതം.** **(2 x 1 = 2)**

1. ഇന്ത്യയിൽ ധരാതലീയ ഭൂപടനിർമ്മാണത്തിന്റെ ചുമതല വഹിക്കുന്ന കേന്ദ്രസർക്കാർ ഏജൻസിയുടെ പേരെഴുതുക.
2. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ ആര്?

**3 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും രണ്ട് സ്കോർ വീതം.** **(6 x 2 = 12)**

3. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ ഏതെല്ലാം?
4. ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹ്യ അനാചാരങ്ങളെ നിയമം മൂലം നിരോധിക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. അവയിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.
5. ഉപഗ്രഹ വിദൂരസംവേദനം എന്നാലെന്ത്?
6. രാഷ്ട്രത്തിന്റെ പരമാധികാരത്തിന് പ്രധാനമായും രണ്ട് തലങ്ങളുണ്ട്. അവ ഏതെല്ലാം?
7. ധരാതലീയ ഭൂപടവിശകലനത്തിൽ 'നേർക്കാഴ്ച' എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?
8. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിയമിക്കപ്പെട്ട ഏതെങ്കിലും രണ്ട് വിദ്യാഭ്യാസ കമ്മീഷനുകളുടെ പേര് എഴുതുക.
9. ധനനയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക. മൂന്ന് സ്കോർ വീതം.** **(6 x 3 = 18)**

10. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യകാല പ്രാദേശിക സമരങ്ങൾ ഏതെല്ലാമായിരുന്നു?
11. ഇന്ത്യയിൽ പൊതു ചെലവ് വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ എഴുതുക.
12. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം?
13. രാജാറാം മോഹൻറായിയുടെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
14. ഗവൺമെൻറ് നിർവഹിക്കുന്ന ചുമതലകൾ ഏതെല്ലാം?
15. ആകാശീയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ എന്തെല്ലാം?
16. ജി.എസ്.ടി സമിതിയുടെ ശുപാർശകളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

**17 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും നാല് സ്കോർ വീതം.** **(9 x 4 = 36)**

17. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ ഏവ?

18. വിദൂരസംവേദനവുമായി ബന്ധപ്പെട്ട പട്ടിക ഉചിതമായി പൂർത്തിയാക്കുക.

| എ | ബി |
|---|---|
| ഓവർലാപ്പോടുകൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങൾ | എ)———— |
| ബി)———————— | പ്ലാറ്റ്ഫോം |
| സെൻസറിന് തിരിച്ചറിയാൻ കഴിയുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം | സി)———— |
| ഡി)———————— | സ്റ്റീരിയോസ്കോപ്പ് |

19. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകൾ ഏതെല്ലാം?

20. ധരാതലീയ ഭൂപടങ്ങളിലെ ഭൗതികസവിശേഷതകളും സാംസ്കാരികസവിശേഷതകളും താരതമ്യം ചെയ്യുക.

21. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ ഏതെല്ലാം?

22. വ്യക്തിഗത ആദായനികുതി, കോർപ്പറേറ്റ് നികുതി എന്നിവയുടെ വ്യത്യാസമെന്ത്?

23. ഉപ്പ് ഒരു സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാമായിരുന്നു?

24. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ആര്യസമാജം | ആനി ബസന്റ് |
| തിയോസഫിക്കൽ സൊസൈറ്റി | ഇ.വി.രാമസ്വാമി നായ്ക്കർ |
| ശാരദാ സദൻ | സ്വാമി ദയാനന്ദ സരസ്വതി |
| സ്വാഭിമാനപ്രസ്ഥാനം | പണ്ഡിത രമാബായി |

5. സർക്കാരിന്റെ നികുതിയിതര വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് വിശദമാക്കുക.

26. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചനപരമായ ചുമതലകളും താരതമ്യം ചെയ്യുക.

**27, 28 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 6 സ്കോർ വീതം.** **(2 x 6 = 12)**

7. (എ) സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ ഗവേഷണരംഗത്ത് കൈവരിച്ച പുരോഗതി വിശദമാക്കുക.

*അല്ലെങ്കിൽ*

(ബി) നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ നിസ്സഹകരണ സമരത്തെ വിശകലനം ചെയ്യുക.

*സൂചനകൾ :*

- നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ
- നിർമ്മാണപ്രവർത്തനങ്ങൾ

28. (എ) ഭൂസ്ഥിര ഉപഗ്രഹങ്ങൾ, സൗരസ്ഥിര ഉപഗ്രഹങ്ങൾ എന്നിവയുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.

*അല്ലെങ്കിൽ*

(ബി) കോണ്ടൂർരേഖകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) കോണ്ടൂർരേഖകൾ എന്നാൽ എന്ത്?

(b) ഭൂപടങ്ങളിൽ കോണ്ടൂർരേഖകൾ ഏത് നിറത്തിലാണ് ചിത്രീകരിച്ചിട്ടുള്ളത്?

(c) കോണ്ടൂർരേഖകളുടെ വിശകലനത്തിലൂടെ എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം?